"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വടകര, എം.യു.എം വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ശ്രീ.സമന്യു കുമാറിന്റെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3154/2026/GEDN തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:-

1. കോർപ്പറേറ്റ് മാനേജരുടെ 22.02.2023 തീയതിയിലെ റിവിഷൻ ഹർജി.
2. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.08.2024, 25.01.2024, 06.02.2025 തീയതികളിലെ യഥാക്രമം DEOVKA/2098/2024-B4, DEOVKA/40/2025-B4, DEOVKA/2374/2024-B4 നമ്പർ റിപ്പോർട്ടുകൾ.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.02.2025 തീയതിയിലെ EM6/26188/2024/ഡിജിഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

വടകര, എം.യു.എം വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ശ്രീ.സമന്യു കുമാർ, ശ്രീ.അൻസാർ.പി.വി. എന്നിവരുടെ നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. വടകര, എം.യു.എം വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.അൻസാർ.പി.വി, ശ്രീ.റയീസ്, എഫ്.ടി.എം ആയ ശ്രീ.സിറാജ് എന്നിവരുടെ നിയമനം 30.04.2025 ലെ സ.ഉ(സാധാ)നം. 3017/2025/പൊവിവയിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എഫ്.ടി.എം ആയ ശ്രീ.സമന്യുകുമാർ, ഓഫീസ് അറ്റൻഡന്റായ ശ്രീ.അൻസാർ.പി.വി എന്നിവരുടെ നിയമനാംഗീകാര ഫയലുകൾ പുന:പരിശോധിച്ച് അംഗീകാരം നല്കുവാനുള്ള നിർദ്ദേശം വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക്

നല്കണമെന്നാണ് റിവിഷൻ ഹർജിയിൽ മാനേജർ ആവശ്യപ്പെട്ടിട്ടുള്ളത്.

3. വടകര എം.യു.എം.വി.എച്ച്.എസിലെ അംഗീകൃത ഫുൾ-ടൈം മീനിയലായ ശ്രീ.ഫൈസൽ.എംനെ 06.08.2007 മുതൽ 07.11.2008 വരെ ക്ലാർക്കായി അവധി ഒഴിവിൽ ശമ്പളനിരക്കിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് ശ്രീ.സമന്യ കുമാറിനെ 06.08.2007 മുതൽ 07.11.2008 വരെ താൽക്കാലികമായി നിയമിച്ചത്. ശ്രീ.ഫൈസൽ.എം.ന്റെ ക്ലാർക്ക് തസ്തികയിലുള്ള നിയമനം അംഗീകരിക്കാതിരുന്നതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താൽ പ്രസ്തുത നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ആയതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീലും സർക്കാരിൽ സമർപ്പിച്ച റിവിഷൻ അപ്പീലും നിരസിച്ചുത്തരവായിരുന്നു.

4. പിന്നീട് 06.08.2007 മുതൽ 07.11.2008 വരെയുള്ള കാലയളവിൽ ടി സ്കൂളിൽ ക്ലാർക്ക് തസ്തിക ലഭ്യമായതിനാൽ പ്രസ്തുത കാലയളവിലെ നിയമനം അംഗീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുകയും ശ്രീ.ഫൈസൽ.എംന്റെ, 06.08.2007 മുതൽ 07.11.2008 വരെയുള്ള അവധി ഒഴിവിലെ ശമ്പള നിരക്കിലുള്ള ക്ലാർക്ക് നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിയ്ക്കുകയും ചെയ്തു. ശ്രീ.സമന്യ കുമാറിന്റെ 06.08.2007 മുതൽ 07.11.2008 വരെ കാലയളവിലെ ഫുൾ-ടൈം മീനിയൽ നിയമനത്തിന് ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. അതിനാൽ അപ്പീൽ അനുവദനീയമാണ്.

5. നിലവിൽ ശ്രീ.സഹവാ പി.സി.യുടെ നിയമനം അംഗീകരിച്ചിട്ടുണ്ട്. ശ്രീ.സമന്യ കുമാറിന്റെ 06.08.2007 മുതൽ 07.11.2008 വരെ കാലയളവിലെ നിയമനം അംഗീകരിക്കാവുന്ന അവസ്ഥയിലുമാണ്. ശ്രീ.സമന്യ കുമാറിന്റെ 06.08.2007 മുതൽ 07.11.2008 വരെ കാലയളവിലെ നിയമനം അംഗീകരിക്കുന്ന മുറക്ക്, ഒഴിവ് കാലയളവ് ഒരു അധ്യയന വർഷത്തിൽ താഴെ ആയതിനാൽ, ശ്രീ.അൻസാർ.പി.വിയുടെ മേൽ പരാമർശിത അവധി ഒഴിവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിൽ തടസ്സങ്ങളില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 06.08.2007 മുതൽ 07.11.2008 വരെയുള്ള കാലയളവിൽ ടി സ്കൂളിൽ ക്ലാർക്ക് തസ്തിക ലഭ്യമായതിനാൽ പ്രസ്തുത കാലയളവിലെ നിയമനം അംഗീകരിക്കുന്നതിന് സർക്കാർ

നിർദ്ദേശിക്കുകയും ശ്രീ.ഫൈസൽ എം.ന്റെ, 06.08.2007 മുതൽ 07.11.2008 വരെയുള്ള അവധി ഒഴിവിലെ ശമ്പള നിരക്കിലുള്ള ക്ലാർക്ക് നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിയ്ക്കുകയും ചെയ്തു. ശ്രീ.സമന്യു കുമാറിന്റെ 06.08.2007 മുതൽ 07.11.2008 വരെ കാലയളവിലെ ഫുൾ-ടൈം മീനിയൽ നിയമനത്തിന് ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. ശ്രീ.സമന്യു കുമാറിന്റെ 06.08.2007 മുതൽ 07.11.2008 വരെ കാലയളവിലെ നിയമനം അംഗീകരിക്കുന്ന മുറക്ക്, ഒഴിവ് കാലയളവ് ഒരു അധ്യയന വർഷത്തിൽ താഴെ ആയതിനാൽ, ശ്രീ.അൻസാർ.പി.വിയുടെ മേൽ പരാമർശിത അവധി ഒഴിവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിൽ തടസ്സങ്ങളില്ല.

7. മേൽ സാഹചര്യത്തിൽ, വടകര, എം.യു.എം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ.സമന്യു കുമാറിന്റെ 06.08.2007 മുതൽ 07.11.2008 വരെ കാലയളവിലെ ഫുൾ-ടൈം മീനിയൽ നിയമനാംഗീകാരം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചുനല്കുവാൻ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ

ജോയിന്റ് സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, എം.ഐ. സഭാ കോർപ്പറേറ്റ് സ്കൂൾസ്, വടകര, കോഴിക്കോട്-673 101

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

Signed by
Resmi Babu
Date: 08-05-2026 15:02:34

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.